**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1649** **08-02-2023 - ൽ മറുപടിയ്ക്ക്**

**റബ്ബറിന്റെ വിലത്തകർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സ്വാഭാവിക റബ്ബറിന്റെ അനിയന്ത്രിതമായ ഇറക്കുമതി സംസ്ഥാനത്ത് റബ്ബർ വിലയിടിവിന് കാരണമായിട്ടുള്ളതിനാൽ കേന്ദ്ര സർക്കാരിനോട് പരിഹാര നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70% ലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ "Make in India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടി ഉണ്ടായില്ല |
| (ബി) | റബ്ബറിന്റെ ഉല്പാദന ചെലവ് കിലോയ്ക്ക് 250 രൂപയോളം വരുമെന്ന് കണക്കാക്കിയിട്ടുള്ളതിനാൽ പ്രൊഡക്ഷൻ ഇൻസെന്റീവ് 250 രൂപ ആക്കുന്നതിന് വേണ്ട ധനസഹായം അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച പ്രതികരണം അറിയിക്കാമോ; | (ബി) | ഉണ്ട്. റബ്ബർ പ്രോഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170/- രൂപയിൽ നിന്നും 250/- രൂപയായി ഉയർത്താൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനകൃഷി വകുപ്പ് കേന്ദ്രസർക്കാരിനോട് 24/12/2022-ലെ D.O. No. Agri 893/Min/2022/Agri നം.കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല . |
| (സി) | റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങൾ അപ്രസക്തമാക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ റബ്ബർ നിയമത്തിൽ ഭേദഗതി വരുത്താൻ പോകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | പുതിയ കരട് റബ്ബർ ബില്ലിൽ റബ്ബർ ബോർഡിന്റെ ഘടനയിൽ വരുത്താൻ നിർദ്ദേശിച്ചിരിക്കുന്ന മാറ്റങ്ങൾ കേരളത്തിലെ റബ്ബർ കർഷകരെ ബാധിക്കുന്ന മാറ്റങ്ങൾ എന്നിവയിൽ ഉള്ള ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ